# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-11/667/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-11/667/2021 തീയ്യതി: 30/09/2021

## കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ.ടി.എൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 23-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 23-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ് കുമാർ .സി (ഓഡിറ്റ് ഓഫീസർ)
തോമസ്.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ജെനു കുര്യാക്കോസ് (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
കുഞ്ഞികൃഷ്ണൻ.കെ.സി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ഹരി വേണുഗോപാലൻ കെ.വി (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജെസ്സി ടോം | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ജോസഫ് എം ചാക്കോ | സെക്രട്ടറി | 01-04-2019 | 17-07-2019 |
| വേണുഗോപാൽ | സെക്രട്ടറി | 18-07-2019 | 28-10-2019 |
| ജോസഫ്. സി.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-10-2019 | 17-12-2019 |
| കൗസല്യ എസ്.എം | സെക്രട്ടറി | 18-12-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജോസഫ്.സി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഹെറി തോമസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 13-11-2019 |
| മോഹനൻ.പി.വി | അസിസ്റ്റന്റ് എഞ്ചിനിയർ | 14-11-2019 | 31-03-2020 |
| ഉമ.എസ് | കൃഷി ഓഫീസർ | 01-04-2019 | 01-07-2019 |
| അനിൽ സെബാസ്റ്റ്യൻ | കൃഷി ഓഫീസർ | 02-07-2019 | 24-07-2019 |
| രാജീവൻ വി.വി | കൃഷി ഓഫീസർ | 25-07-2019 | 30-12-2019 |
| ഉമ.എസ് | കൃഷി ഓഫീസർ | 31-12-2019 | 31-03-2020 |
| ദിവ്യ ടി.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 01-11-2019 |
| നിഷ നമ്പപൊയിൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-11-2019 | 31-03-2020 |
| ഉമേഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചിറ്റാരിക്കൽ സർക്കിൾ | 01-04-2019 | 28-06-2019 |
| സുനന്ദ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 29-06-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ചിറ്റാരിക്കൽ സർക്കിൾ | | |
| ഉമേഷ് കുമാർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാലാവയൽ സർക്കിൾ | 01-04-2019 | 09-12-2019 |
| അബ്ദുൾ നസീർ എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പാലാവയൽ സർക്കിൾ | 10-12-2019 | 31-03-2020 |
| ഖദീജ ടി.പി | പ്രധാനാധ്യാപകൻ | 01-04-2019 | 02-06-2019 |
| സെബാസ്റ്റ്യൻ പി.എം | പ്രധാനാധ്യാപകൻ | 03-06-2019 | 31-03-2020 |
| ഡോ.പി.എം.ജോസഫ് | വെറ്റിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ഡോ.റിയോ മാത്യു കോശി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2019 | 23-10-2019 |
| ഡോ.ഉമ്മർ നസീഫ് കെ.കെ | മെഡിക്കൽ ഓഫീസർ അലോപ്പതി | 24-10-2019 | 31-03-2020 |
| ഡോ.രാഖി ടി.പി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ.രാജേഷ് കുമാർ കെ.പി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| മനോജ് കുമാർ കെ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 10-02-2020 |
| ജയലക്ഷ്മി.കെ | ക്ഷീര വികസന ഓഫീസർ (ഡയറി ഫാം ഇൻസ്ട്രക്ടറുടെ അധിക ചുമതല) | 11-02-2020 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന നിരീക്ഷണങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 27-09-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-09-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Thomas. K (Asst. Audit Officer, On 27-09-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-09-2021) | 1-2-1 |
| 4 | ബാലൻസ് ഷീറ്റ് -അപാകതകൾ<br>Written By: Thomas. K (Asst. Audit Officer, On 27-09-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-09-2021) | 1-2-2 |
| 5 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക ഭൗതീക പരിശോധന നടത്തുന്നില്ല .<br>Written By: Thomas. K (Asst. Audit Officer, On 27-09-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 27-09-2021) | 1-2-3 |
| 6 | വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ട്.<br>Written By: Thomas. K (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-3 |
| 8 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 15-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 15-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 15-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Jenu Kuriakkose (Senior Grade Auditor, On 15-09-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-09-2021) | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Hari Venugopalan K V (Auditor, On 19-09-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-09-2021) | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 28-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-9 |
| 14 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 23-09-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-09-2021) | 1-10 |
| 15 | ലൈസൻസ് -ഓഡിറ്റ് നിരീക്ഷണങ്ങൾ.<br>Written By: Hari Venugopalan K V (Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-11 |
| 16 | ഇ -ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-12 |

| | | |
|---|---|---|
| | Written By: Vinoth Kumar C (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | |
| 17 | ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ - പരിശീലന ചെലവ് തിരികെ ലഭിച്ചില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-13 |
| 18 | ഷോപ്പിങ് കോംപ്ലക്സിന്റെ വൈദ്യുതി ചാർജ്ജ് - അപ്പീൽ നൽകിയത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-14 |
| 19 | ജലനിധി പദ്ധതി - എ1 എഗ്രിമെന്റ് പുതുക്കിയിട്ടില്ല<br>Written By: Jenu Kuriakkose (Senior Grade Auditor, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-15 |
| 20 | കൺസൾട്ടൻസി ചാർജ് - കൺസൾട്ടന്റിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-16 |
| 21 | ഒരേ റോഡ് പ്രവൃത്തി മുറിച്ച് മുറിച്ച് വ്യത്യസ്ഥ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നു-<br>Written By: Vinoth Kumar C (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-17 |
| 22 | ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-18 |
| 23 | മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-19 |
| 24 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.<br>Written By: Kunjhikrishnan. K.C (Senior Grade Auditor, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-20 |
| 25 | മൃഗസംരക്ഷണ മേഖല പദ്ധതി നടത്തിപ്പ് - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.<br>Written By: Thomas. K (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-21 |
| 26 | മുൻകൂർ തുക നൽകിയിട്ടും യു.പി.എസ്. ലഭ്യമായില്ല.<br>Written By: Thomas. K (Asst. Audit Officer, On 27-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: Thomas. K (Asst. Audit Officer, On 11-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Vinoth Kumar C (Audit Officer, On 09-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Thomas. K (Asst. Audit Officer, On 11-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |
| 5 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കാത്ത പ്രവൃത്തികൾ. | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 തിയതി. 14.2.2019 | 6/1 തിയതി. 01.01.2020 |
| മുന്നിരിപ്പ് | 641280 | 880189 |
| വരവ് | 216226620 | 267826620 |
| ആകെ | 216867900 | 268706809 |
| ചെലവ് | 216217760 | 267542760 |
| നീക്കിയിരിപ്പ് | 650140 | 1164049 |

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന നിരീക്ഷണങ്ങൾ

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ധനകാര്യ പത്രിക 08.05.2020ന് ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന തുടങ്ങിയ പ്രധാന നിരീക്ഷണങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

### 1-2-2 ബാലൻസ് ഷീറ്റ് -അപാകതകൾ

എ) ബാലൻസ് ഷീറ്റിൽ B-16 ഷെഡ്യൂളിൽ പ്രയർ പീരിയഡ് പ്രോഗ്രം എക്സ്പെൻസ് എന്ന ഹെഡ്ഡിൽ 36,04,263/- രൂപ ആസ്തിയായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ബി) ബാലൻസ് ഷീറ്റ് ഷെഡ്യൂൾ 4 ൽ ഉൾപ്പെട്ടതും, പ്രത്യേക ഉദ്യേശങ്ങൾക്കായി ലഭിച്ചതുമായ തുകയുടെ (പ്രത്യേകം ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാതെ ഒന്നിലധികം ഇനങ്ങൾ നിക്ഷേപിക്കുന്ന) വരവ്, ചെലവ് വിവരങ്ങൾ പരിശോധിക്കാനുതകും വിധം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ബി-4 ഷെഡ്യൂളിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുത്താനാവുന്ന വിധം നീക്കിയിരിപ്പ് തുക പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക ഭൗതീക പരിശോധന നടത്തുന്നില്ല .

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2019-20, 20-21 വർഷങ്ങളിലെ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല. തന്മൂലം ആസ്തി രജിസ്റ്റർ ഓഡിറ്റിന് ആധികാരികമായി ആശ്രയിക്കാനാവില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

## 1-2-4 വാർഷിക കണക്കിൽ ഉൾപ്പെടാത്ത ബാങ്ക് അക്കൗണ്ട്.

ഇ.എം.എസ്. ഭവന പദ്ധതി വായ്പാ തുക കൈകാര്യം ചെയ്യുന്നതിന് കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിൽ ആരംഭിച്ച 150201201000006 നമ്പർ അക്കൗണ്ടിൽ 31.3.2020 ൽ 26,900/- രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ട് പഞ്ചായത്ത് കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2019-20 |
|---|---|
| മുന്നിരിപ്പ് | 24990785 |
| വരവ് | 95664754 |
| ആകെ | 120655539 |
| ചെലവ് | 91875835 |
| നീക്കിയിരിപ്പ് | 28779704 |

## 1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2019-20)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15523000 | 15523000 | 10043814 | 5479186 | 64.70 |
| വികസനഫണ്ട് എസ്.സി.പി. | 0 | 440100 | 440100 | 317608 | 122492 | 72.16 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5002000 | 5002000 | 3231718 | 1770282 | 64.60 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 18781000 | 18781000 | 6022300 | 12758700 | 32.06 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 5277000 | 5277000 | 2340947 | 2936053 | 44.36 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11866925 | 11866925 | 1858392 | 10008533 | 15.66 |
| ആകെ | 0 | 56890025 | 56890025 | 23814779 | 33075246 | 41.86 |

(വികസന ഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹4,57,327/- (ജനറൽ) ,₹1,76,471/- (ടി.എസ്.പി.) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 72 പ്രൊജക്ടുകളിലായി 3,12,82,243/- രൂപ അടുത്ത സാമ്പത്തിക വർഷം ക്യൂ ബിൽ ആയി മാറിയിട്ടുണ്ട്.)

ബി) ഫണ്ട് വിനിയോഗം രസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9586487 | 9586487 | 9586487 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 317608 | 317608 | 317608 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3055247 | 3055247 | 3055247 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 6022300 | 6022300 | 6022300 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 2340947 | 2340947 | 2340947 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1858392 | 1858392 | 1858392 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 18840 | 18840 | 18840 | 0 |
| വിവാഹ ധന സഹായം | 0 | 60000 | 60000 | 60000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 524000 | 524000 | 524000 | 0 |
| ടി.എസ്.ബി. ജനറൽ പർപ്പസ് അക്കൗണ്ട് * | 4755057 | 11675942 | 16430999 | 14732033 | 1698966 |
| സംയുക്ത പദ്ധതി (ബ്ലോക്ക് പഞ്ചായത്ത്) | 1000000 | 1329452 | 2329452 | 1329452 | 1000000 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് പഞ്ചായത്ത്) | 1620828 | 2150000 | 3770825 | 2976464 | 794364 |
| കേന്ദ്രാവിഷ്കൃത പദ്ധതി | | | | | |
| തൊഴിലുറപ്പ് പദ്ധതി | 74247 | 1833704 | 1907951 | 1221289 | 686662 |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | 509464 | 1456378 | 1965842 | 700000 | 1265842 |
| പൈക്ക | 20000 | 0 | 20000 | 0 | 20000 |
| എസ്.എസ്.എ. | 17050 | 767 | 17817 | 0 | 17817 |
| ശുചിത്വ മിഷൻ | 886350 | 480000 | 1366350 | 637400 | 728950 |
| സംസ്ഥാനാവിഷ്കൃത പദ്ധതി | | | | | |
| സാക്ഷരത | 22093 | 994 | 23087 | 0 | 23087 |
| കേരള വാട്ടർ അതോറിറ്റി ഫണ്ട് | 1008428 | 39629 | 1048057 | 0 | 1048057 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 |
| ജല നിധി | 7262494 | 24869687 | 32132181 | 24996731 | 7135450 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 0 | 2190000 | 2190000 | 2190000 | 0 |
| ലൈഫ് പദ്ധതി വായ്പ | 0 | 1045700 | 1045700 | 1045700 | 0 |
| മറ്റ് ഗ്രാന്റുകൾ | 116509 | 0 | 116509 | 0 | 116509 |
| മറ്റുള്ളവ | | | | | |
| വിവിധ അവാർഡ് തുകകൾ | 1041900 | 0 | 1041900 | 0 | 1041900 |

കുറിപ്പ് : 1) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ തൻ വർഷം 1,16,53,442/- രൂപയാണ് വരവ് . പ്രസ്തുത അക്കൗണ്ടിൽ തനത് ഫണ്ട് വരവിനങ്ങളും, മറ്റ് പലവിധ വരവ് ഇനങ്ങളും ഉൾപ്പെടുന്നതിനാൽ , പ്രസ്തുത ടി.എസ്.ബി. അക്കൗണ്ടിലെ മൊത്തം വരവ് ചെലവുകൾ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധന സാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2019-20 വർഷം 4,26,64,185/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2019-20 വർഷം 1,04,46,500/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ (DBT) ചെയ്തിട്ടുണ്ട്. രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടാത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് | അടങ്കൽ | ഭാഗീകമായി നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 102 | 116734665 | - | 43804408 | 90 | 53.12 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2019-20 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2019-20 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 23 | 8181845 | 16 | 4994993 | 61.04 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 5 | 1600000 | 5 | 596457 | 37.27 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 115 | 58914590 | 41 | 15548850 | 26.39 |
| 4 | കൃഷി ഓഫീസർ | 2 | 1566000 | 2 | 1066500 | 68.10 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 12 | 29082793 | 10 | 8241973 | 28.33 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 8 | 3939050 | 4 | 3332734 | 84.60 |
| 7 | വെറ്റിനറി സർജ്ജൻ | 6 | 5226478 | 4 | 2889506 | 55.28 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 600000 | 1 | 600000 | 100 |
| 9 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | 7 | 2674000 | 7 | 2323047 | 86.87 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 600000 | 1 | 600000 | 100 |
| 11 | പ്രധാനാധ്യാപകൻ | 11 | 1684057 | 1 | 944496 | 56.08 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2665852 | 1 | 2665852 | 100 |
| | ആകെ | 192 | 116734665 | 102 | 43804408 | 37.52 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 74247 | 1833704 | 1907951 | 1221289 | 686662 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42664185 | 42664185 | 42664185 | 0 |
| ആകെ | 74247 | 44497889 | 44572136 | 43885474 | 686662 |

(കൂടാതെ 100 ദിനം തൊഴിൽ എടുത്തവർക്കുള്ള ഇൻസെന്റീവ് ഇനത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 524000/- രൂപയും തൻ വർഷം വിനിയോഗിച്ചിട്ടുണ്ട്)

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2019-20 വർഷം 383 പദ്ധതികളുൾപ്പെടുന്ന 15.64 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 230 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 149718 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 567 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 18840 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 1858200 | 513 |
| വിധവാപെൻഷൻ | 2253000 | 651 |
| വാർദ്ധക്യകാലപെൻഷൻ | 5143500 | 1496 |
| വികലാംഗപെൻഷൻ | 1112600 | 327 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 79200 | 23 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 2 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.09.2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 25,031/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പൊതു നിയന്ത്രണം

19.05.2017 ലെ ഉത്തരവ് നം എ2/35/2017/ എസ്.സി2 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക് അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സമ്പന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 30 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 18 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 22 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ 4/2019 ൽ ഒഴികെ പാലിച്ചിട്ടുണ്ട്. ( 4/2019ലെ വരവ് ചെലവ് കണക്കുകൾ 28.05.2019 ന് ചേർന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലാണ് അവതരിപ്പിച്ചത്).

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2019-20 സാമ്പത്തിക വർഷം 10 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്.

കൺട്രോൾ ഓവർ അക്കൌണ്ട്

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവു ചിലവു കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക് അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പേരിൽ കാസറഗോഡ് ജില്ലാ സഹകരണബാങ്കിൽലുള്ള അക്കൗണ്ട് (നം 150201201000006) ഒഴികെയുള്ള എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ

പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൌണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡി.കളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ച വരുന്നത്.

<u>ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>

ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റവെയർ മുഖേനയാണ്. തൻവർഷം 89.78 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

<u>കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.</u>

ഗ്രാമ പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2019-2020 വർഷത്തിൽ ആകെ 5 തവണ യോഗം ചേർന്നിട്ടുണ്ട്.

സാധന സാസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

<u>കൺട്രോൾ ഓവർ പേറോൾ</u>

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം</u>

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, ലോൺരജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കുന്നില്ല. 19.05.2017 ലെ ഉത്തരവ് നം എ2/35/2017/ എസ്.സി2 പ്രകാരമുള്ള ജീവനക്കാരുടെ ജോലി വിഭജനത്തിൽ ഓരോ സെക്ഷനും പേഴ്സണൽ രജിസ്റ്റർ എഴുതി സുക്ഷിക്കേണ്ടതും ആയത് എല്ലാ മാസവും പത്താം തീയതിക്കകം ഹെഡ് ക്ലാർക്കിന് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പു കൽപ്പിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

<u>ആസ്തികളിൻമേലുള്ള നിയന്ത്രണം</u>

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

1-10 തൊഴിൽ നികുതി - അപാകതകൾ

2019-20 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ഏതാനും ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത.

2019-20 സാമ്പത്തിക വർഷത്തിൽ സ്ഥാപനത്തിലെ ഓഫീസ് മേധാവി/സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി അടവാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | അനീഷ് കെ ആർ, ഓഫീസ് അറ്റന്റന്റ് | ജി എച്ച് എസ് എസ് കമ്പല്ലൂർ | 2019-20 ഒന്നാം അർദ്ധ വർഷം | 1,14,604/- | 750/- | 1,000/- | 250/- |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവു വന്ന തുക മേൽ പരാമർശിച്ച ജീവനക്കാരിൽ നിന്നും ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204 വകുപ്പ് പ്രകാരം ജീവനക്കാരും /തൊഴിലാളികളും തൊഴിൽ സ്ഥാപനവും തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധവാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 വർഷത്തിൽ താഴെക്കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ചിറ്റാരിക്കൽ പ്രൈമറി അഗ്രിക്കൾച്ചറൽ വെൽഫെയർ കോ ഓപ്പറേറ്റിവ് സൊസൈറ്റി, ചിറ്റാരിക്കൽ | 2019-20 രണ്ടാം അർദ്ധ വർഷം |
| 2 | നിരപ്പിൽ ബിൽഡേഴ്സ്, ചിറ്റാരിക്കൽ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 (ii) എ (I) വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്തിട്ടുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കരാറുകാരന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | എൻ കെ സാലു, പി.ഡബ്ല്യൂ.ഡി. കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 2 | ജോജി അഗസ്റ്റിൻ, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |
| 3 | ജോബി എൻ ജെ, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2019-20 ഒന്നും രണ്ടും അർദ്ധ വർഷം |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിശോധിച്ച് പരാമർശിത രേഖകൾ/വിശദീകരണങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 06/20.09.2021)

1-11 ലൈസൻസ് -ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവയിലെ പൊതുവായ നിരീക്ഷണം ചുവടെ ചേർക്കുന്നു.

പുതുക്കി നിശ്ചയിച്ച ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/ത.സ്വ.ഭ.വ. പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന

വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചുമത്താവുന്ന പരമാവധി ഫീസാണ് ഭേദഗതി ചെയ്ത പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നിരിക്കെ സ്ലാബുകൾക്ക് അനുസൃതമായി ഗ്രാമ പഞ്ചായത്ത് ചുമത്തുന്ന ഫീസിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 18.11.2019 ലെ ഭരണ സമിതി തീരുമാനം നം. 10/1 പ്രകാരം ലൈസൻസ് ബൈലോ അംഗീകരിക്കുകയും പുതുക്കി നിശ്ചയിച്ച പ്രകാരം ഫീസ് ഈടാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തിൽ ലഭിച്ച അപേക്ഷകളിൽ മൂലധന നിക്ഷേപം അടിസ്ഥാനമാക്കാതെ പ്രതിദിന വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തന്നെ ലൈസൻസ് ഫീസ് ഈടാക്കുകയാണ് ഉണ്ടായത്. ആയതിനു വിശദീകരണം ആവശ്യമാണ്.(ഓഡിറ്റ് എൻക്വയറി നം.08/20.09.2021).

## 1-12 ഇ -ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ -ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസായി ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2019-2020 സാമ്പത്തിക വർഷത്തിൽ ഇ -ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ 28 പൊതു മരാമത്ത് പ്രവൃത്തികളുടെ ബിഡ് സമർപ്പണ ഫീസായി 74,967/- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്. ഇത് കൂടാതെ 2014-15 വർഷം മുതൽ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകയും ലഭ്യമാക്കേണ്ടതാണ്.

## 1-13 ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കൽ - പരിശീലന ചെലവ് തിരികെ ലഭിച്ചില്ല

കിലയുടെ (KILA) നേതൃത്വത്തിൽ നടന്നു വരുന്ന, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദുരന്ത നിവാരണ ആസൂത്രണ രേഖ തയ്യാറാക്കലുമായി ബന്ധപ്പെട്ട നാലാം ഘട്ട പരിശീലനത്തിൽ വാർഡ് തലത്തിലുള്ള ഏകദിന പരിശീലനങ്ങൾ നടത്തുന്നതിന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുകയാണുണ്ടായത് (സ.ഉ. (കൈ) നം.09/2020/ ത.സ്വ.ഭ.വ./ തി.06.01.2020 , സ.ഉ. (സാധാ) നം.179/2020/ ത.സ്വ.ഭ.വ./ തി.23.01.2020). പരിശീലനത്തിന് വേണ്ടി വരുന്ന ചെലവ് (ഒരു പരിശീലനാർത്ഥിക്ക് പരമാവധി ₹ 120 , പരിശീലകന് (റിസോഴ്സ് പേഴ്സൺ) ₹ 1,150 ) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ പരിശീലനത്തിന് പങ്കെടുത്തവരുടെ ഒറിജിനൽ ഹാജർ ലിസ്റ്റ്, ചെലവുകളുടെ ഒറിജിനൽ വൗച്ചറുകളും ബില്ലുകളും കിലയിലേക്ക് അയച്ചു കൊടുക്കുന്ന മുറക്ക്, ചെലവ് തുക അതത് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് അയച്ചു നൽകുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. ഇതുപ്രകാരം ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 10.02.2020 ന് നടത്തിയ പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട 32,563/- രൂപയുടെ ചെലവ് രേഖകൾ (2300 + 30263 വൗ.നം:21900856/ 11.02.2020 & 21900881/ 17.02.2020) കിലയിലേക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ ഇതുവരെയും ഈ തുക ക്രമീകരിച്ചിട്ടില്ല. ഇതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ച് തുക ലഭ്യമായതിന്റെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി -10 /തിയതി -23.09.2021)

## 1-14 ഷോപ്പിങ് കോംപ്ലക്സിന്റെ വൈദ്യുതി ചാർജ്ജ് - അപ്പീൽ നൽകിയത്

പഞ്ചായത്തിന്റെ ബസ് സ്റ്റാന്റ് കം ഷോപ്പിങ് കോംപ്ലക്സിന്റെ പൊതു കണക്ഷന് അധിക നിരക്ക് ഈടാക്കുന്നുവെന്ന പഞ്ചായത്തിന്റെ പരാതിയിൽ കെ.എസ്.ഇ.ബി. അപ്പലേറ്റ് ട്രിബ്യൂണലിന് മുൻപാകെ പരാതി (Appeal) നൽകുന്നതിനായി വൗച്ചർ നം. 21900349/ 08.08.2019 പ്രകാരം ₹ 48,041 അടക്കുകയുണ്ടായി. എന്നാൽ ട്രിബ്യൂണൽ പരാതി തള്ളുകയാണുണ്ടായത് (തീരുമാനം നം.149/2019 തിയതി.31.10.2019). തുടർന്ന് കാസറഗോഡ് ജില്ലാ ഗവണ്മെന്റ് പ്ലീഡറുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതിയിൽ റിട്ട് ഫയൽ ചെയ്യുകയുണ്ടായി. ഇതിനായി അഡ്വ.ജോർജ്ജ് ജേക്കബിന് വൗച്ചർ നം. 21900736 /06.01.2020 പ്രകാരം ₹ 15,000 നൽകിയിട്ടുണ്ട്. റിട്ടിന്റെ തുടർ നടപടികളുടെയും, വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

## 1-15 ജലനിധി പദ്ധതി - എ1 എഗ്രിമെന്റ് പുതുക്കിയിട്ടില്ല

ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തും ജലനിധി പദ്ധതി നിർവഹണ ഏജൻസിയുമായുള്ള (KRWSA) കരാറിന്റെ - എ1 എഗ്രിമെന്റ് - കാലാവധി 31 ഡിസംബർ 2019 ന് അവസാനിച്ചു. എന്നാൽ ഇതുവരെയും (23.09.2021) പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ല. കരാർ കാലാവധി കഴിഞ്ഞുവെന്നും കരാർ കാലാവധി പുതുക്കണമെന്നും ആവശ്യപ്പെട്ട് മേഖല പ്രൊജക്ട് മാനേജർ, ആർ.പി.എം.യു. കണ്ണൂർ -ന് പഞ്ചായത്തിൽ നിന്നും 12/12/2019, 01/02/2020 , 08/06/2020 തിയതികളിൽ കത്ത് (എസ്.സി1-3342/2019) നൽകിയെങ്കിലും ഇതുവരെയും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കരാർ പുതുക്കുന്നതിനും പദ്ധതി എത്രയും വേഗം കമ്മീഷൻ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കൺസൾട്ടൻസി ചാർജ് - കൺസൾട്ടന്റിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

2019-2020 വർഷത്തിൽ ചിറ്റാരിക്കൽ പി.എച്ച്.സി. കെട്ടിടത്തിന് സ്ട്രക്ചറൽ ഡിസൈൻ, സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയതിന് കൺസൾട്ടൻസി ചാർജ് ഇനത്തിൽ ഗോവിന്ദ് എം., ജി.എം അസോസിയേറ്റ്സ്, കാസറഗോഡിന് ചെക്ക് നമ്പർ 779238/ 28.02.2020 പ്രകാരം 4,12,000/- രൂപ നൽകിയിട്ടുണ്ട്.

ആദായ നികുതി നിയമം സെക്ഷൻ 194 Jപ്രകാരം പ്രൊഫഷണൽ /ടെക്നിക്കൽ ഇനത്തിൽ നൽകുന്ന തുകയ്ക്ക് 10% നികുതി സ്രോതസിൽനിന്നും ഈടാക്കണം. എന്നാൽ ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന 10% ഈടാക്കാതെയാണ് കൺസൾട്ടൻസി ചാർജ് നൽകിയത്. ആയതിനാൽ 41,200/- രൂപ ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 9 തീയതി 20.09.2021).

## 1-17 ഒരേ റോഡ് പ്രവൃത്തി മുറിച്ച് മുറിച്ച് വ്യത്യസ്ഥ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നു-

2019-2020 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കുണ്ടാരം ചേരംകല്ല് അടിവാരം റോഡ് ടാറിംഗ് പ്രവൃത്തിയുടെ ആദ്യത്തെ 80 മീറ്റർ ചെയ്തത് പ്രൊജക്ട് നം 49/20 പ്രകാരവും ശേഷിക്കുന്ന ഭാഗം (80 മീറ്റർ മുതൽ 144 മീറ്റർ വരെ) മറ്റൊരു പ്രൊജക്ട് (നം 58/20) പ്രകാരവുമാണ്.

| പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ. | കുണ്ടാരം ചേരംകല്ല് അടിവാരം റോഡ് നവീകരണം (പ്രൊജക്ട് നമ്പർ 49/20) | കുണ്ടാരം ചേരംകല്ല് അടിവാരം റോഡ് നവീകരണം (പ്രൊജക്ട് നമ്പർ 58/20) |
|---|---|---|
| അടങ്കൽ, ഫണ്ട്. | 2 ലക്ഷം രൂപ [മെയിന്റനൻസ് ഫണ്ട് (റോഡ്)] | 2 ലക്ഷം രൂപ [മെയിന്റനൻസ് ഫണ്ട് (റോഡ്)] |
| എസ്റ്റിമേറ്റ്. | 2 ലക്ഷം, EST NO: 2019/4623 | 2 ലക്ഷം, EST NO: 2020/3890 |
| ചെയിനേജ് | 0/000 Km മുതൽ 0/080 Km | 0/080 Km മുതൽ 0/144 Km വരെ |

| | | |
|---|---|---|
| | വരെ | |
| കരാറുകാരന്റെ പേര് | ജോജി അഗസ്റ്റ്യൻ | ജോജി അഗസ്റ്റ്യൻ |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുക | ₹ 198926/- (BRN 19200552014001146704 തീയതി: 25.01.2020) | ₹ 2,00,000/- (BRN 19200552014001176455 തീയതി: 30.01.2020) |

ഒരേ റോഡ് പ്രവൃത്തി മുറിച്ച് മുറിച്ച് വ്യത്യസ്ഥ പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നത് പദ്ധതികളിടെ ബാഹുല്യത്തിനും കാരണമാകും. തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷ്ഠാനത്തിലുള്ള ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യമാണ്.

<u>1-18 ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.</u>

<u>നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.</u>

2019-2020 വർഷം ഗ്രാമ പഞ്ചായത്ത് നിർവഹണം നടത്തിയ ചുവടെ പരാമർശിക്കുന്ന മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി. ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം -6 ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി. ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽ പെടുത്തുന്നു.

<u>1-19 മഴക്കാല പൂർവ്വ ശുചീകരണം-സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ

ചെക്ക് നമ്പർ.1059781/ 27-06-2019 Rs.1,60,000/-രൂപ

